# ഓൺലൈൻ
# മുജാഹിദുകളുടെ രണ്ടാമത്തെ മുഫ്തിയും
# സുന്നിക്കുട്ടികളുടെ മുമ്പിൽ കീഴടങ്ങി



## ദീനീ ദഅ്‌വത്തിന്റെ പുതിയ മാർഗ്ഗം

രണ്ടാഴ്ച മുമ്പ് ഓൺലൈൻ സംവാദത്തിലൂടെ ബഹു : ഹനീഫ മുസ്‌ലിയാർ മുജാഹിദിന്റെ ഓൺലൈനിലെ ഏറ്റവും വലിയ മുഫ്തിയായ ഉമർ ഫൈസിയെ ഇസ്തിഗാസ എന്ന വിഷയത്തിൽ കീഴടക്കിയെങ്കിൽ, മുജാഹിദുകളുടെ ഓൺലൈനിലെ മറ്റൊരു നേതാവും പള്ളി ഇമാമുമായ കുട്ടിമോൻ ഉസ്താദ്(?)നെ ഒരു സാധാരണക്കാരനായ ഒരു കംപ്യൂട്ടർ ഇഞ്ചിനീയറായ സവാദ് ( abraj )എന്ന ചെറുപ്പക്കാരനാണ് ഇവരുടെ വലിയ ഉസ്താദിനെ മറുപടിപറയാൻ സാധിക്കാത്തവിധത്തിൽ ഫോൺ സംവാദത്തിലൂടെ തളച്ചിട്ടത്. വെറും അര മണിക്കൂർ മാത്രമേ സംവാദം നടന്നതെങ്കിലും വളരെ പ്രാധാന്യവും ഗഹനവുമായ വിഷയമാണ് ചർച്ച ചെയ്യപ്പെട്ടത്.

ഓൺലൈനിലൂടെ ശിർക്കിന്റെ നിർവ്വചനം പറഞ്ഞു കുടുങ്ങി, അത് പൂർത്തീകരിക്കാൻ കൂട്ടാക്കാതെ പെട്ടെന്ന് സ്ഥലം വിട്ട മൗലവിയെ ഫോൺ വിളിച്ച് വിഷ യത്തിൽ ഒരു കരക്ക് അടുപ്പിക്കലായിരുന്നു സവാദ് എന്ന സഹോദരന്റെ ലക്ഷ്യം അത് പൂർണ്ണ അർത്ഥത്തിൽ സാക്ഷാൽകരിക്കുകയും ചെയ്തു.

കുട്ടിമോൻ മൗലവി ശിർക്കിന്റെ തഅ്രീഫ് (നിർവ്വചനം) പറഞ്ഞത് അല്ലാഹുവിന്റെ ദാത്തിലോ, സിഫാത്തിലോ, അഫ്ആലിലോ പങ്ക് കാരെ ചേർക്കലാണ് എന്ന്.

ഇത് വെച്ച് സവാദ് ചോദിച്ചു വിശുദ്ധ ഖുർആനിൽ بِسْمِ اللّهِ الرَّحْمَنِ الرَّحِيمِ എന്ന് അല്ലാഹുവിന്റെ സിഫത്തായി എടുത്തു പറയുന്നു. അതേ സമയം സൂറത്തു തൗബയിലെ لَقَدْ جَاءكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِالْمُؤْمِنِينَ رَؤُوفٌ رَّحِيمٌ ആയത്തിൽ നബി(സ)യെക്കുറിച്ച് بِالْمُؤْمِنِينَ رَؤُوفٌ رَّحِيمٌ നബി(സ) മുഅ്മിനീങ്ങൾക്ക് റഊഫും റഹീമുമാണ്. ഈ രണ്ട് സിഫത്തും അല്ലാഹുവിന്റെ സിഫത്തുകളാണ്. അപ്പോൾ ഇത് ശിർക്കാവില്ലേ ? എന്ന് ചോദിച്ചപ്പോൾ ഒരു വിഷയത്തിലും നിർവ്വചനം നബി(സ) പഠിപ്പിച്ചിട്ടില്ല എന്ന് പറഞ്ഞു ഒഴിഞ്ഞു മാറാൻ ശ്രമിച്ചു. അതിനും നമ്മുടെ സുന്നിചെറുപ്പക്കാർക്ക് ആവേശമായ സവാദ് ഉരുളക്ക് ഉപ്പേരി എന്ന നിലയിൽ അദ്ദേഹത്തിന്റെ മുമ്പിൽ ഇട്ട് കൊടുത്തു. ജിബ്രീൽ (അ) പ്രവാചകന്റെ അടുത്ത് മനുഷ്യ കോലത്തിൽ വന്ന് തങ്ങളുടെ മുട്ടിൻ കാലിനോട് ജിബ്രീലിന്റെ മുട്ടുംകാൽ ചേർത്തു വെച്ച് സ്വാബാഹത്തിന്റെ മുമ്പിൽ വെച്ച് ചോദിച്ചു മൽ..ഇസ്ലാം......ഇസ്ലാം എന്താണ് ? മൽ ഈമാൻ...... ഇമാൻ എന്താണ്....? മൽ ഇഹ്സാൻ....ഇഹ്സാൻ എന്താണ് ? ഇതിന്ന് വ്യക്തമായ മറുപടി പ്രവാചകൻ (സ) പറഞ്ഞു കൊണ്ട് വ്യക്തമായ ശൈലിയിൽ ചോദ്യവും മറുപടിയും കഴിഞ്ഞ് ജിബ്രീൽ തിരിച്ച് പോയപ്പോൾ നബി(സ) സ്വഹാബത്തിനോട് പറഞ്ഞു ഈ വന്നത് ആരാണെന്ന് നിങ്ങൾക്കറിയുമോ സ്വഹാബത്ത് ‘അല്ലാഹു വറസൂലുഹു അഅ്ലം എന്ന് പറഞ്ഞപ്പോൾ നബി(സ) പറഞ്ഞു അത് ജിബ്രീലാണ് നിങ്ങൾക്ക് നിങ്ങളുടെ ദീൻ പഠിപ്പിക്കാൻ വേണ്ടി വന്നതാണ് എന്ന്.

ഇതങ്ങ് പറഞ്ഞപ്പോൾ നമ്മുടെ മുജാഹിദ് മുഫ്തിയുടെ മലക്കം മറിച്ചിൽ നിങ്ങൾക്ക് ആ ഓഡിയോ ക്ലിപ്പിൽ വ്യക്തമായി കേൾക്കാം. ഇത്ര വലിയ നേതാക്കൾ ചെറിയ ഒരു സുന്നിപ്പയ്യന്റെ മുമ്പിൽ ഉത്തരം മുട്ടിയത് സവാദ് എന്ന സഹോദരന്റെ കറാമത്തായി നാം മനസ്സിലാക്കെണ്ട. മറിച്ച് സുന്നത്ത് ജമാഅത്ത് അത് സത്യമെന്നുള്ളത് ഏതൊരാൾക്കും തെളിയിക്കാൻ സാധിക്കുമെന്നുള്ളതും സുന്നത്ത് ജമാഅത്തിനു പുറത്തുള്ള പ്രസ്ഥാനക്കാർ അതിന്റെ നേതാക്കൾ എത്ര വലിയ വമ്പനായാലും അതിന്റെ അസത്യം വെളിപ്പെടുമെന്നുള്ളതുമാണ് നാം ഇതിലൂടെ മനസ്സിലാക്കേണ്ടത്.

ഫോൺ സംവാദ ക്ലിപ്പ് കേൾക്കാൻ
ഇതിൽ ക്ലിക്ക് ചെയ്യുക

# മൗലവിയുടെ കരണം മറിച്ചിലുകളിൽ നിന്ന് ചിലത് വരികളിലൂടെ.......!!!!!!

സന്തോഷം ഉണ്ടാവുമ്പോൾ തക്ബീർ ചൊല്ലാം പക്ഷേ, പണ്ഡിത മഹത്തുക്കളെ സ്വീകരിച്ച് ആനയിക്കുമ്പോൾ തക്ബീർ ചൊല്ലാൻ പാടില്ല.

നിർവ്വചനം പറഞ്ഞ് ദീൻ പഠിപ്പിക്കാറില്ല.

റസൂലുല്ലാഹ് നിർവ്വചനം പറഞ്ഞ് സ്വഹാബത്തിന് ദീൻ പഠിപ്പിച്ചിട്ടില്ല.

ജിബ്രീൽ സ്വഹാബത്തിനെയാണ് നിർവ്വചനം പറഞ്ഞ് പഠിപ്പിച്ചിട്ടുള്ളത്

സ്വഹാബാക്കൾക്ക് നിർവ്വചനം പറഞ്ഞ് ദീൻ പഠിപ്പിച്ചു

(റഹീം) നബി(സ)ക്കുറിച്ച് 'റഹീം' എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് അല്ലാഹുവിൻെറ സിഫതായ 'റഹീം ' നെപ്പോലെയുള്ളതല്ല ( ഇത് സുന്നി വിശ്വാസമാണ് മൗലവി കുടുങ്ങുകയാണ്)

അല്ലാഹുവിന്റെ അറിവ് വേറെ, സൃഷ്ടികളുടെ അറിവ് വേറെ ( ഇതും സുന്നികളുടെ വിശ്വാസമാണ് സൃഷ്ടികൾക്ക് അല്ലാഹുവിന്റെ സിഫത്ത് പറയാൻ പാടില്ല എന്നാണ് മുജാഹിദ് വാദം)

അല്ലാഹു സൃഷ്ടികൾക്ക് കഴിവുകൾ കണക്കാക്കിയേ കൊടുക്കകയുള്ളൂ. ( ഈ മൗലവിക്ക് ഇത് എവിടെന്ന് കിട്ടിയ വഹ്യാണാവോ!!!!)

അഭൗതികമായ വിഷയത്തിൽ സഹായം തേടുന്നത് അല്ലാഹുവിന്റെ സിഫത്താണത്രെ, ആ സിഫത്ത് ഏതാണെന്ന് ചോദിച്ചപ്പോൾ മൗലവി രണ്ടും കൽപിച്ച് തട്ടിവിട്ടത് ''ഖുദ്റത്ത് ' എന്ന സിഫത്താണെന്നാണ്.

================

ഫോൺ റിക്കോഡ് ചെയ്യുന്നുണ്ടെന്നു മുൻ കൂട്ടി പറഞ്ഞ സഹോദരനെ വഞ്ചകനായും ആക്ലിപ്പിൽ കൈ ക്രിയകൾ നടത്തിയിട്ടുണ്ടെന്നും മറ്റും പറഞ്ഞു കുട്ടിമോൻ മൗലവി അദ്ദേഹം മുജാഹിദുകളുടെ മുമ്പിൽ തനിക്ക് സംഭവിച്ച പരാജയം മറച്ച് വെക്കാൻ വേണ്ടി കണ്ണീർ പൊഴിച്ച് കൊണ്ട് താൻ മുസ്ഹഫിന്റെ നടുക്കഷ്ണമായി തോന്നിപ്പിക്കും വിധത്തിൽ, നിഷ്കളങ്കനാണെന്നു പറഞ്ഞു തനിക്ക് പറ്റിയ ഈ അമളിയിൽനിന്ന് കര കയറാൻ ശ്രമിക്കുന്നത് കാണുക.

**സുന്നിക്കുട്ടികളുടെ മുമ്പിൽ ആശയം സമർത്ഥിക്കുന്നതിൽ
പരാജയപ്പെട്ടു പോയ മുജാഹിദ് നേതാവിന്റെ പ്രയാസമൊന്നു കാണാൻ
ഇതിൽ ക്ലിക്ക് ചെയ്യുക**

# ക്ലിപ് നെറ്റിൽ പ്ലേ ചെയ്തപ്പോൾ മൗലവിയുടെ പ്രതികരണം വരികളിലൂടെ....!!!!

**ഞാനൊന്നിന്റെയും ആളല്ല, എനിക്ക് ചില സത്യാവസ്ഥകൾ മനസ്സിലാക്കാൻ വേണ്ടിയാണ് താങ്കൾക്ക് വിളിച്ചതെന്ന് സവാദ് പറഞ്ഞതായി മൗലവി ശുദ്ധമായ കളവ് പറയുന്നു!!! (ഞാൻ സുന്നിയാണെന്നും ആശയത്തിൽ ഒരു മാറ്റവുമില്ലെന്നും ആദ്യം ഉറപ്പ് വരുത്തിയതിന്ന് ശേഷമാണ് സവാദ് സംസാരം ആരംഭിക്കുന്നത് തന്നെ, ഇതിനെതിരാണ് മൗലവി കളവ് തട്ടിവിട്ടത് )**

**അതിൽ പ്രസക്ത ഭാഗങ്ങളെല്ലാം കട്ട് ചെയ്തു കൊണ്ട് വീണ്ടും വീണ്ടും യോജിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സംസാരം ഇടക്കിടക്ക് മുറിച്ച് കൊണ്ട് അവന്റെ സംസാരം ഇങ്ങോട്ട് ബന്ധിപ്പിച്ചുകൊണ്ട് ക്ലിപ്പുണ്ടാക്കിയതാണെന്നാണ് മൗലവിയുടെ കണ്ടുപിടുത്തം!!!**

**വല്ലാഹി എന്ന് കള്ള സത്യം ചെയ്തുകൊണ്ട് മൗലവി പറയുന്നു, അദ്ദേഹത്തിന്റെ നിഷ്കളങ്കത മനസ്സിലാക്കി മലവിയെ ചതിച്ചതാണ്പോൽ, ഇത് പറയുന്നതോടു കൂടെ മലവിയുടെ കണ്ണീർ പൊഴിയുന്നു!!!**

**അവസാനം സമുദായത്തിനു വേണ്ടി ദുആ ചെയ്യുന്നു!!!!!**
**=================**

**ബഹുമാനപ്പെട്ട മൗലവീ..! താങ്കൾ കണ്ണീർ വാർത്തുകൊണ്ട് പറയുന്ന നിഷ്കളങ്കത ഞങ്ങൾക്കൊന്ന് പറഞ്ഞു തരൂ മൗലവീ!!!! താങ്കൾ അഞ്ച് വർഷം ചൊറിഞ്ഞിരുന്നു പഠിച്ച മർഹൂം ഓ കെ ഉസ്താദ് അടക്കമുള്ള സമസ്ത പണ്ഡിതർ മുഴുവൻ, ചെയ്യുന്നതും പ്രവർത്തിക്കുന്നതും ശിർക്കാണെന്ന് പറഞ്ഞു ഓൺലൈൻ ക്ലാസ്സ് എന്ന പേരിൽ എല്ലാ വിവരക്കേടുകളും വിളിച്ച് പറയുമ്പോൾ ഉമ്മ പെറ്റ പൈതലിനെപ്പോലെയുള്ള താങ്കളുടെ നിഷ്കളങ്കത എവിടെയായിരുന്നു....?**
**അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്ത് കളവ് പറഞ്ഞാൽ, അത് പോലെ കരഞ്ഞ് കൊണ്ട് കളവ് പറഞ്ഞാൽ അത് സത്യമാവുമോ ? അല്ലാഹുവിന്റെ ഔലിയാക്കളെയും പണ്ഡിത മഹത്തുക്കളെയും വിമർശിച്ച കാരണത്താൽ നിങ്ങളുടെ ഹൃദയത്തിൽ നിന്ന് അല്ലാഹുവിലുള്ള വിശ്വാസം പോലും അല്ലാഹു എടുത്ത് കളഞ്ഞു പോ**

**യോ മൗലവീ!!!! പിന്നെ എങ്ങിനെ നിങ്ങൾക്ക് കള്ള സത്യം ചെയ്തു കൊണ്ട് കളവ് പറയാനുള്ള മനക്കരുത്തുണ്ടായി നെറ്റിലുള്ളവരോട് വിശദീകരിക്കുക.**

**സുന്നിക്കുട്ടികൾ ഉണർന്നിട്ടുണ്ട്. നിഷ്കളങ്കത പറഞ്ഞു ഇതിൽ നിന്ന് തടിയൂരാൻ ശ്രമിക്കുന്നതിനു മുമ്പ് താങ്കളുടെ പിഴച്ച പ്രസ്ഥാനത്തെക്കുറിച്ചൊന്ന് പുനർ ചിന്തനം നടത്താൻതയ്യാറാവുക. അതിലായിരിക്കും താങ്കൾക്ക് ഖൈറ് ഉണ്ടാവുക.**

**ഈ ക്ലിപ്പിൽ വാക്കുകൾ കട്ട് ചെയ്ത് സുന്നികൾക്കനുകൂലമാക്കിയെന്നല്ലേ നിങ്ങൾ കരഞ്ഞ് കൊണ്ട് പറഞ്ഞത്. ആ കട്ട് ചെയ്ത അല്ലെങ്കിൽ, കൂട്ടിച്ചേർത്ത ഭാഗം നിങ്ങൾ കേൾക്കാത്തതോ അല്ലെങ്കിൽ സംസാരിക്കാത്തതോ ആയിരിക്കുമല്ലോ അതൊന്ന് വ്യക്തമായി പറഞ്ഞു തരാമോ ? ഇന്ന് മുജാഹിദുകളുടെ മുമ്പിൽ താങ്കളുടെ സ്ഥാനം കുറഞ്ഞു പോകുമെന്ന് ഭയന്ന് ഈ കള്ള സത്യം ചെയ്തു കൊണ്ട് പറഞ്ഞ കാര്യത്തെക്കുറിച്ച് നാളെ അല്ലാഹു നിങ്ങളെ വിടുകയില്ല. അതും ഒരു സാധാരണക്കാരനുമായി സംസാരിച്ചതിന്റെ പേരിലാണ് നിങ്ങൾ കള്ളസത്യം ചെയ്യേണ്ടി വന്നത് അപ്പോൾ സുന്നി പക്ഷത്തുള്ള ഒരു പണ്ഡിതനുമായി സംസാരിക്കേണ്ടി വന്നാൽ നിങ്ങൾ എന്തായിരിക്കും ചെയ്യുക. നഊദുബില്ലാഹ്.**

**ആയതിനാൽ സത്യ പ്രസ്ഥാനമായ സുന്നത്ത് ജമാഅത്തിന്റെ ചുണക്കുട്ടികളേ...!**
**നിങ്ങൾ മനസ്സിലാക്കിയ സത്യം മുറുകെപ്പിടിച്ച് നമ്മുടെ സ്വഭാവവും നമ്മുടെ ശൈലിയും അതിനു അനുയോജ്യമായ രീതിയിൽ പാകപ്പെടുത്തി അസത്യത്തിന്റെ ആളുകളെ സത്യം ബോധ്യപ്പെടുത്തിക്കൊടുക്കാൻ നിങ്ങൾ വെളിയിലേക്കിറങ്ങുക. സവാദ് എന്ന സഹോദരന്റെ ഈ ചെറിയ സേവനം നിങ്ങൾക്കതിനു പ്രചോദനമാകട്ടെ. ആമീൻ.**
**സത്യം സത്യമായി മനസ്സിലാക്കുവാനും അതനുസരിച്ച് ജീവിക്കുവാനും നാഥൻ നമ്മെ തുണക്കട്ടെ. ആമീൻ.**

**നിങ്ങളുടെ സഹോദരൻ,,,**

**സി. പി. അബ്ദുല്ല ചെരുമ്പ**


www.islamkerala.com

E-mail : abdulla_cherumba@yahoo.com

Mobile : 0091 9400534861